# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 3201

19-06-2019 ൽ മറുപടിയ്ക്ക്

## നെൽ കൃഷിഭൂമിയുടെ വിസ്തൃതി

**ചോദ്യം**

ശ്രീ.കെ.ജെ. മാക്സി

**മറുപടി**

ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | പ്രളയത്തിൽ നിന്ന് കരകയറിയ കേരളത്തിൽ നെൽകൃഷി ചെയ്യുന്ന ഭൂമിയുടെ വിസ്തീർണ്ണം വർദ്ധിച്ചുവോ; വ്യക്തമാക്കുമോ; | (എ) | 2018 ജൂലൈ മാസത്തിലുണ്ടായ മഹാ പ്രളയത്തെത്തുടർന്ന് 35,000 ഹെക്ടർ നെൽകൃഷി നശിച്ച് പോയെങ്കിലും കൃഷി വകുപ്പിന്റെ സമയോചിതമായ ഇടപെടലുകളെത്തുടർന്ന് 2018-19-ൽ 2,02,985 ഹെക്ടർ സ്ഥലത്ത് നെൽകൃഷി ഇറക്കുവാൻ കഴിഞ്ഞു. 2017-18 സാമ്പത്തിക വർഷം 814547 മെട്രിക് ടൺ നെല്ല് ഉല്പാദിപ്പിച്ചപ്പോൾ പ്രളയത്തിന് ശേഷം 2018-19-ൽ മുൻ വർഷത്തെക്കാൾ വിസ്തൃതി കുറഞ്ഞെങ്കിലും ഉൽപാദനം 864144 മെട്രിക് ടൺ ആയി ഉയർന്നു. |
| (ബി) | 2016-17, 2017-18 എന്നീ വർഷങ്ങളിൽ എത്ര ഹെക്ടർ കൃഷി ഭൂമിയിൽ നെൽകൃഷി ചെയ്തു; | (ബി) | 2016-17 സാമ്പത്തിക വർഷം 171398 ഹെക്ടർ സ്ഥലത്തും 2017-18 ൽ 220449 ഹെക്ടർ സ്ഥലത്തും നെൽകൃഷി ചെയ്തു. |
| (സി) | പ്രളയ ശേഷം 2018-19 ൽ ഇതിൽ എത്ര കണ്ട് വർദ്ധനവ് വന്നു എന്ന് വ്യക്തമാക്കുമോ; | (സി) | 2018-19 ൽ 202985 ഹെക്ടർ സ്ഥലത്താണ് നെൽകൃഷി വിളവെടുക്കാൻ സാധിച്ചത്. 35000 ഹെക്ടർ സ്ഥലത്തെ ഒന്നാം വിള പ്രളയത്തിൽ പൂർണ്ണമായും നഷ്ടപ്പെട്ടതിനു പുറമെയാണിത്. |
| (ഡി) | 2021-ഓടെ സംസ്ഥാനത്ത് എത്ര ഹെക്ടർ കൃഷിഭൂമിയിൽ നെൽകൃഷി വർദ്ധിപ്പിക്കാനാണ് കൃഷി വകുപ്പ് ലക്ഷ്യമിടുന്നത്; വിശദാംശം വ്യക്തമാക്കുമോ; | (ഡി) | 2021 ഓടെ സംസ്ഥാനത്ത് മൂന്നു ലക്ഷം ഹെക്ടർ നെൽകൃഷി ചെയ്യാനാണ് കൃഷി വകുപ്പ് ലക്ഷ്യമിടുന്നത്. ആയതിനു വേണ്ടി നിലവിലുള്ള നെല്പാടങ്ങൾ നിലനിറുത്തുന്നതിനും, പരമാവധി തരിശു നിലങ്ങൾ കൃഷിയിലേക്ക് കൊണ്ടുവരുന്നതിനും, കരനെല്ല് കൃഷി ചെയ്യിപ്പിക്കുന്നതിനും, ഒരുപ്പൂ നിലങ്ങളിൽ സാദ്ധ്യമായ സ്ഥലങ്ങളിലെല്ലാം ഇരുപ്പൂ കൃഷി ചെയ്യിക്കുന്നതിനും വേണ്ട നടപടി സ്വീകരിച്ചു വരുന്നു. |
| (ഇ) | നിലവിൽ നെൽകൃഷി കർഷകർക്ക് ഹെക്ടറിന് എത്ര രൂപവരെ സർക്കാർ സഹായം നൽകുന്നു; | (ഇ) | സുസ്ഥിര നെൽകൃഷി വികസന പദ്ധതിപ്രകാരം ഹെക്ടറൊന്നിനു 5500/- രൂപ ധനസഹായം നൽകുന്നുണ്ട്. കുമ്മായ വസ്തുക്കൾ വാങ്ങുന്നതിനു |

5400/- രൂപയും ഉല്പാദന ബോണസ്സായി 1000/- രൂപയും നൽകുന്നുണ്ട്. നെൽ വിത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി 100% സൗജന്യമായി നൽകുന്നുണ്ട്. ഉഴവുകൂലിയായി 17500/- രൂപ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ നൽകുന്നു. ഇപ്രകാരം 32600/- രൂപയുടെ ധനസഹായം എല്ലാ നെൽകർഷകർക്കും ലഭിക്കും.

ഇതിനു പുറമെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴിയോ കൃഷി വകുപ്പ് മുഖേനയോ പ്രത്യേക പദ്ധതികൾ ഉണ്ടെങ്കിൽ ആയതിന്റെ ആനുകൂല്യവും ലഭിക്കും.

(എഫ്) നെല്ലിന്റെ വിലകിട്ടാതെ കർഷകർ പ്രതിസന്ധിയിലാണ് എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) സപ്ലൈകോ മുഖേനയാണ് കേരളത്തിൽ പ്രധാനമായും നെല്ല് സംഭരിച്ചുകൊണ്ടിരിക്കുന്നത്. 2018 സീസണിൽ നാളിതുവരെ 68.93 ലക്ഷം മെട്രിക് ടൺ നെല്ല് സംഭരിക്കുകയും, സംഭരിച്ച നെല്ലിന്റെ വില കിലോ ഒന്നിനു 25.30 എന്ന നിരക്കിൽ കൊടുത്തുവരുന്നുമുണ്ട്.

170385 കർഷകർ ഈ സീസണിൽ നെല്ല് നൽകിയിരിക്കുന്നതിൽ 155785 കർഷകർക്ക് തുക നൽകിയിട്ടുണ്ട്.

(ജി) എങ്കിൽ കുടിശികയിനത്തിൽ നെൽകർഷകർക്ക് നൽകാനുള്ള തുക എത്ര; വിശദാംശം ലഭ്യമാക്കുമോ?

(ജി) 2018 സീസണിൽ സംഭരിച്ച 68.93 ലക്ഷം മെട്രിക് ടൺ നെല്ലിന്റെ വിലയായ 1743.9 കോടി രൂപയിൽ 1625.03 കോടി രൂപ സപ്ലൈകോ ഇതിനകം വിതരണം ചെയ്തു കഴിഞ്ഞു. ബാക്കി 118.87 കോടി രൂപ നൽകാനുണ്ട്. ആയത് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ